# 12

# ഒരു രണ്ടാം ജീവിതം

## (ചൈന - പീറ്റർ)

പീറ്റർ തന്റെ ജീവിതത്തിലെ ആദ്യ 24 വർഷം ഒരു ഒറ്റ ലക്ഷ്യത്തിനായി ജീവിച്ചു. ഒരു കണക്ക് അദ്ധ്യാപകൻ ആകുക. അങ്ങനെ ചൈനയുടെ ഒരു ചെറിയ ഗ്രാമത്തിലായിരിക്കുന്ന തന്റെ മാതാപിതാക്കളെ സംരക്ഷിക്കാൻ സാധിക്കും.

പക്ഷേ ഒരു അനാരോഗ്യ പ്രശ്നം തന്നെ തളർത്തി. പീറ്ററിനും എല്ലാം ഒരു നിമിഷംകൊണ്ട് നഷ്ടമായി. അങ്ങനെ ഒരു അവസ്ഥ ഇല്ലായിരുന്നുവെങ്കിൽ ഞാൻ ഒരിക്കലും ദൈവത്തിങ്കലേക്ക് തിരിയുകയില്ലായിരുന്നു. ഇങ്ങനെയാണ് ദൈവം എന്നെ തന്നിലേക്കും സത്യത്തിലേക്കും ആനയിച്ചത്.

പഠനം കഴിഞ്ഞപ്പോൾ ഒരു ഹൈസ്കൂളിൽ പഠിപ്പിക്കുന്ന ജോലി ലഭിച്ചു പീറ്ററിനു തന്റെ പുതിയ ജീവിതവും സാമ്പത്തിക ഭദ്രതയും സുരക്ഷിതത്വ ബോധവും നല്കി. പക്ഷേ താൻ പഠിപ്പിക്കാൻ ആരംഭിക്കുന്നതിനു മുൻപ് ഒരു വൈദ്യ പരിശോധന പാസ്സാകണമായിരുന്നു.

ഞാൻ കോളേജിൽ ധാരാളം ബാസ്കറ്റ് ബോളും ഫുട്ബോളും കളിച്ചിരുന്നതുകൊണ്ട് വൈദ്യപരിശോധന ഒരു ഭയവുമില്ലാതെ വിജയിക്കാം എന്ന ചിന്തയുണ്ടായിരുന്നു. പക്ഷേ ഫലം വന്നപ്പോൾ ഞാനും മറ്റൊരു കുട്ടിയും തോറ്റുപോയി. എന്നാൽ താൻ പൂർണ്ണ ആരോഗ്യവാനാണെന്ന ധൈര്യത്തിൽ വീണ്ടും വൈദ്യപരിശോധനയ്ക്കായി അഭ്യർത്ഥിച്ചു. അതിന്റെ ഫലം വന്നപ്പോൾ പീറ്ററിനു കരൾ രോഗമുണ്ടെന്നും അത് ചികിത്സിച്ചു ഭേദമാക്കാൻ കഴിയില്ലെന്നും ഡോക്ടർ പറഞ്ഞു.

അങ്ങനെ പീറ്ററിനെ പഠിപ്പിക്കുന്നതിൽനിന്നും കോളേജ് വിലക്കി. “ആ സമയം എനിക്ക് എല്ലാം നഷ്ടമായി. എന്റെ മാതാപിതാക്കളുടെ പട്ടിണി മാറ്റാനായി ഞാൻ വളരെ കാലം കഠിന അദ്ധ്വാനം ചെയ്തു. പക്ഷേ എനിക്ക് ഒരു നിമിഷം കൊണ്ട് എല്ലാം നഷ്ടമായി.

അന്ന് രാത്രി ഒരു പാലത്തിൽ നിന്നുകൊണ്ട് പീറ്റർ നിലവിളിച്ചു. “ലവോറ്റിയൻ” (ചൈനീസ് ഭാഷയിൽ സകല അധികാരങ്ങൾക്കും ഉടയവനെ) നീ എന്നോട് കാണിക്കുന്നത് നീതികേടാണ്. വളരെ നേരം കരഞ്ഞിട്ട് പാലത്തിൽ നിന്നും ചാടി ചാകാൻ തീരുമാനിച്ചു. പക്ഷേ ചാടിയില്ല.

പീറ്ററിനെ പിന്നീട് ചികിത്സക്കായി ആശുപത്രികൾ തോറും കൊണ്ടു നടന്നു. പക്ഷേ സൗകര്യങ്ങൾ ഉള്ള ആശുപത്രിയിൽ ചികിത്സ നേടുന്ന തിനു തന്റെയോ രക്ഷിതാക്കളുടെയോ കൈയിൽ പണമില്ലായിരുന്നു.

മൂന്നു ദിവസങ്ങൾക്കു ശേഷം പീറ്ററിന്റെ അമ്മ പള്ളിയിൽ പോയി പാസ്റ്റ റോട് തന്റെ മകനുവേണ്ടി പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടു. ഈ മാതാവിന്റെ വിലാപം കേട്ട മറ്റു സ്ത്രീകൾ തന്റെ മകനുവേണ്ടി പ്രാർത്ഥിച്ചു. ഭയപ്പെടണ്ട ദൈവം സൗഖ്യം നല്കും എന്നു പറഞ്ഞ് അവരെ ആശ്വസിപ്പിച്ചു.

അന്നു തന്നെ ഒരു മുതിർന്ന സ്ത്രീ സഭയിൽ നിന്നും പീറ്ററിനെ ആശു പത്രിയിൽ വന്നുകണ്ടു പ്രാർത്ഥിച്ചു. ധൈര്യമായിരിക്കുവാനുള്ള ആശ്വാസവും നല്കി.

ദൈവത്തിൽ ആശ്രയിക്കാനുള്ള ഉപദേശം സ്വീകരിക്കുവാൻ പീറ്ററിനു വിഷമമായി തോന്നി. കാരണം താൻ ദൈവത്തിൽ വിശ്വസിച്ചിരുന്നില്ല. പക്ഷേ ഇങ്ങനെ ഒരു പ്രതിസന്ധി ഘട്ടത്തിൽ രണ്ട് വഴിയേ പീറ്ററിന്റെ മുന്നിലു ണ്ടായിരുന്നുള്ളൂ. ഒന്ന് ആശുപത്രിയിൽ കിടന്നു ചികിത്സിച്ചു തന്റെ രക്ഷി താക്കളെ കടക്കെണിയിൽ ആക്കി ഒടുവിൽ മരിക്കുക അല്ലെങ്കിൽ ദൈവത്തിൽ ആശ്രയിക്കുക.

അങ്ങനെ ഗത്യന്തരം ഇല്ലാതെ പീറ്റർ ദൈവത്തിൽ ആശ്രയിക്കാൻ തീരു മാനിച്ചു. ദൈവത്തിനു തന്നെ സൗഖ്യമാക്കാൻ കഴിയുമെങ്കിൽ പിന്നെ എന്തിന് ആശുപത്രിയിൽ കിടക്കണം എന്ന ചിന്തയിൽ താൻ ആശുപത്രി വിട്ടു.

“ഞങ്ങൾ ദൈവത്തിൽ ആശ്രയിക്കുന്നു. അവൻ നിനക്ക് സൗഖ്യം നല്കും” ആ മുതിർന്ന സ്ത്രീ പറഞ്ഞു. ഈ മുതിർന്ന സ്ത്രീ പീറ്ററിനെ അഡ്വന്റിസ്റ്റ് സാനിറ്റോറിയത്തിൽ കൊണ്ടുപോയി. അവിടത്തെ ജീവനക്കാർ പീറ്ററിനെ ഊഷ്മളമായി പരിചരിച്ചു.

“ഞാൻ രോഗബാധിതനായി ആരും സഹായമില്ലാതെ ഇവിടെ വന്ന പ്പോൾ, ഇവിടത്തെ ആളുകൾ എന്റെ അടുക്കൽ മുട്ടുകുത്തി പ്രാർത്ഥിച്ചു. അവർ കരഞ്ഞ്, ഈ ചെറുപ്പക്കാരനെ സൗഖ്യപ്പെടുത്തണമേ എന്ന് അവ രുടെ ദൈവത്തോട് പ്രാർത്ഥിച്ചു.” പീറ്റർ പറഞ്ഞു. അവർ എന്നെ സ്വീകരി ക്കുകയും സ്നേഹിക്കുകയും ചെയ്തു.

പീറ്റർ ഇത്തരത്തിലുള്ള സ്നേഹം ജീവിതത്തിൽ അനുഭവിച്ചിട്ടില്ല. ഈ ആശുപത്രിയിൽ രണ്ടുമാസം പീറ്റർ കിടന്നു. പക്ഷേ താൻ രോഗിയാണെന്ന

കാര്യം മറന്നുപോയി. രണ്ടു മാസങ്ങൾക്കുശേഷം വീണ്ടും വൈദ്യപരിശോധന നടത്തിയപ്പോൾ ലഭിച്ച ഫലം കണ്ട് താനും ഡോക്ടറും അതിശയിച്ചു. പൂർണ ആരോഗ്യവാനായി കാണപ്പെട്ടു. അഡ്വന്റിസ്റ്റ് ആശുപത്രിയിൽ നിന്നും വളരെ ചെറിയ മരുന്നേ നല്കിയിരുന്നുള്ളൂ. മാത്രമല്ല പീറ്റർ ആ മരുന്നും കഴിച്ചിരുന്നില്ല കാരണം ദൈവം സുഖപ്പെടുത്തട്ടെ എന്നു കരുതി.

പീറ്റർ തന്റെ മാതാപിതാക്കളോടൊപ്പം സ്നാനപ്പെട്ട് സഭയോട് ചേർന്നു. ഇപ്പോൾ 40 വയസ്സുള്ള പീറ്റർ ചൈനയിലെ സുവിശേഷവേലയിൽ വ്യാപൃതനാണ്.

ദൈവം എനിക്കൊരു രണ്ടാം ജീവിതം നല്കിയതുകൊണ്ട് എന്റെ ഈ ജീവിതം ഞാൻ ദൈവത്തിനായി സമർപ്പിക്കുന്നു.

ചൈനയിൽ സുവിശേഷ പ്രവർത്തനങ്ങൾക്കായി നിങ്ങൾ നിങ്ങളുടെ കാണിക്കകളെ നല്കി സഹായിക്കുക.

◈ ◈ ◈